## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 611 | 08/08/2017-ൽ മറുപടിക്ക്

# അനധികൃത കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ

| | ചോദ്യം<br><br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അനധികൃതമായി നിർമ്മിച്ച വാസഗൃഹങ്ങൾക്കും കൊമേഴ്സ്യൽ കെട്ടിടങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകാൻ വൈദ്യുതി ബോർഡ് എന്തെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) & (ബി) | സാധാരണഗതിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അപേക്ഷയോടൊപ്പം ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ നൽകേണ്ടതുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് 6/10/2016-ലെ സ.ഉ.(എം.എസ്)നം.22/2016/PD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും 23/11/2016 ലെ സ.ഉ.(എം.എസ്) നം.174/2016/തസ്വഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ഇത്തരം ഇളവുകൾ നൽകുന്ന ഉത്തരവുകൾ ഒന്നും നിലവിൽ ഇല്ല. |
| (ബി) | സംസ്ഥാനത്ത് അനധികൃതമായി വാസഗൃഹങ്ങളും കൊമേഴ്സ്യൽ കെട്ടിടങ്ങളും നിർമ്മിച്ച് വൈദ്യുതി ലഭിക്കാതെ ഉടമസ്ഥർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ ഇവരെ സഹായിക്കാൻ എന്തെങ്കിലും അനുകൂല നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇളവുകൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ